കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല
പ്രവചന കാലയളവ് 19.04.2023 മുതൽ 23.04.2023 വരെ
വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 16/2023,(31) ചൊവ്വാഴ്ച | തീയ്യതി 18/04/2023 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ഏപ്രിൽ 12 മുതൽ 18 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ഏപ്രിൽ 19 മുതൽ 23 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 12/04 | 13/04 | 14/04 | 15/04 | 16/04 | 17/04 | 18/04 | തീയ്യതി | | 19/04 | 20/04 | 21/04 | 22/04 | 23/04 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0.1 | 0 | 0 | 0.1 | 0.3 |
| 38.0 | 38.7 | 40.0 | 37.8 | 36.1 | 37.1 | 37.6 | ഉയർന്ന താപനില (°C) | | 38 | 38 | 38 | 37 | 37 |
| 25.9 | 25.5 | 26.3 | 26.1 | 25.9 | 26.6 | 26.9 | കുറഞ്ഞ താപനില (°C) | | 27 | 27 | 27 | 26 | 26 |
| Partially Cloudy | Cloudy | Partially Cloudy | Cloudy | Partially Cloudy | Partially Cloudy | Partially Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Partially Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Partially Cloudy | | PM | | | | | | |
| 87 | 83 | 87 | 85 | 87 | 85 | 86 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 78 | 78 | 78 | 78 | 78 |
| 51 | 45 | 49 | 49 | 52 | 52 | 49 | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 50 | 50 | 50 | 50 | 50 |
| 2.4 | 2.4 | 2.5 | 2.7 | 2.6 | 2.8 | 2.6 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 3 | 3 | 3 | 3 | 3 |
| Calm | Calm | Calm | Calm | Calm | Calm | Calm | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | WNW | WSW | S | SW |
| NNW | NNW | SSW | WNW | WNW | SSE | SSE | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/22 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 1.7 | 1988.4 |

**കാലാവസ്ഥാ അറിയിപ്പ്:** ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽച്ചൂടിൽനിന്ന് മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറക്കാനാകും.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –പുഞ്ച (പാലുറച്ച പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക .കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ ,വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണ ത്തിനെ പ്രതികൂലമായി ബാധിക്കും. |
| വാഴ, തെങ്ങ് | ജലസേചനം | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ വാഴ, തെങ്ങ് എന്നിവയ്ക്ക് ആവശ്യത്തിന് ജലസേചനം നൽകുക .മണ്ണിൽ ഈർപ്പം നിലനിർത്തുക |
| വഴുതന | മണ്ഡരി | ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം വഴുതനയിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനെ പ്രതിരോധിക്കാനായി 3 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:- മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി ഉള്ളപ്പോൾ പശുവിനെ കുളിപ്പിക്കുകയോ തൊഴുത്ത് കഴുകുകയോ ചെയ്യരുത്. ഇങ്ങനെ ചെയ്താൽ ചൂട് കൂടുതൽ അനുഭവപ്പെടും. കന്നുകാലിത്തൊഴുത്തിൽ ആവശ്യമെങ്കിൽ ഫാനുകളുടെ സഹായത്തോടെ വായുസഞ്ചാരം കൂട്ടുന്നതും വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. (CAADECCS, KVASU, Mannuthy).